നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2023 സെപ്റ്റംബർ വാല്യം 1
ഓൺലൈൻ വായനയ്ക്ക്


# ലൈഫ് പദ്ധതി : പൂർത്തിയായത് 3.48 ലക്ഷം വീടുകൾ ചെലവഴിച്ചത് 18,000 കോടി രൂപ : മന്ത്രി എം.ബി. രാജേഷ്

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 2016 മുതൽ ഇതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ചത് 18,000 കോടി രൂപയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. പദ്ധതി പ്രകാരം ഇതുവരെ 3.48 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭിച്ചുവെന്നും ഒരു ലക്ഷം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രി പറഞ്ഞു. എറണാകുളം പി ആൻഡ് ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി ജിസിഡിഎ-സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയുമായി സഹകരിച്ച് തോപ്പുംപടി മുണ്ടംവേലിയിൽ നിർമ്മിച്ച ഭവന സമുച്ചയങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വീടില്ലാത്ത ഒരാളും കേരളത്തിലുണ്ടാകരുത് എന്നതാണ് സംസ്ഥാന സർക്കാർ നിലപാട്. ആ ലക്ഷ്യം കേരളം കൈവരിക്കും. ഇതാണ് കേരളത്തിന്റെ വികസന ബദൽ എന്നും മന്ത്രി പറഞ്ഞു. വീട് നിർമ്മാണത്തിന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക നൽകുന്നത് കേരളത്തിലാണ്. നാലു ലക്ഷം രൂപ. രണ്ടാം സ്ഥാനത്തുള്ള ആന്ധ്ര നൽകുന്നത് 1.8 ലക്ഷം രൂപ മാത്രമാണെന്നും മന്ത്രി പറഞ്ഞു.



പി ആൻഡ് ടി കോളനി നിവാസികൾക്കായി ഒരുക്കിയ പുനരധിവാസം കേരളത്തിന് മാതൃകയാണ്. 82 കുടുംബങ്ങൾ പുതുജീവിതത്തിലേക്ക് കടന്നിരിക്കുകയാണ്. എല്ലാ ആധുനിക സൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. തുമ്പൂർമുഴി മാതൃകയിൽ ഖര മാലിന്യ സംസ്കരണത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ഒരു എംഎൽഡി ശേഷിയുള്ള മലിനജല സംസ്ക്കരണ പ്ലാന്റും ഇവിടെ ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

മുണ്ടംവേലി ലൈഫ് ഫ്ളാറ്റുകളോടുചേർന്ന രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കെ.ജെ. മാക്സി എംഎൽഎ അധ്യക്ഷനായി. 30 കൊല്ലമായി പി ആൻഡ് ടി കോളനിയിൽ താമസിക്കാരിയായ രഘുപതിക്ക് ആദ്യ താക്കോൽ മേയർ എം.അനിൽകുമാർ കൈമാറി. ജിസിഡിഎ ചെയർമാൻ കെ.ചന്ദ്രൻപിള്ള സ്വാഗതം ആശംസിച്ച ചടങ്ങിൽ ഹൈബി ഈഡൻ എംപി, എംഎൽഎമാരായ കെ.ബാബു, ടി.ജെ വിനോദ്, തുടങ്ങിയവർ പങ്കെടുത്തു.

## ഭവനരഹിതരില്ലാത്ത കേരളം



സ്വന്തമായി അടച്ചുറപ്പുള്ള വീടെന്നത് പലർക്കും ഒരു ജീവിതകാലം മുഴുവനുള്ള കഠിനപ്രയത്നത്തിന്റെ ഭാഗമാണ്. കൊച്ചി പി ആൻഡ് ടി കോളനി നിവാസികളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് അന്ത്യമാവുകയാണ്. തേവരയിലെ പേരണ്ടൂർ കനാൽ പുറമ്പോക്കിൽ ദുരിത ജീവിതം നയിച്ചിരുന്ന 83 കുടുംബങ്ങൾക്ക് എൽഡിഎഫ് സർക്കാർ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഫ്ലാറ്റുകൾ നൽകി.

14.61 കോടി രൂപ ചെലവിൽ വിശാല കൊച്ചി വികസന അതോറിറ്റിയുടെ നേതൃത്വത്തിലാണ് ആ കുടുംബങ്ങൾക്കായുള്ള ഫ്ലാറ്റ് സമുച്ചയം യാഥാർത്ഥ്യമായിരിക്കുന്നത്. ഇതിനായി ലൈഫ് മിഷൻ 9.03 കോടി രൂപയും കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് 4.86 കോടി രൂപയും പിഎംഎവൈ 1.23 കോടി രൂപയും നൽകി. ഭവനരഹിതരില്ലാത്ത കേരളമെന്ന വലിയ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ ജനകീയ നേട്ടങ്ങൾ നമുക്ക് ഊർജം പകരട്ടെ.

**(മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് കുറിപ്പിൽ നിന്നും)**



കൊട്ടാരക്കര നഗരസഭയിൽ വാതിൽപ്പടി ശേഖരണം 100% ആയതിന്റെ പ്രഖ്യാപനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു.

## എഡിറ്റോറിയൽ

### വികസന പദ്ധതികളിൽ കാലോചിതമായ മാറ്റം



കേരളം അടിമുടി മാറ്റത്തിന്റെ പാതയിലാണ്. സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ട് കാർഷിക-വ്യാവസായിക-അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുമ്പോൾ തത്തുല്യമായ ഇടം ആരോഗ്യ-വിദ്യാഭ്യാസ -സാമൂഹിക വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും നൽകികൊണ്ടാണ് കേരള സർക്കാർ മുന്നോട്ടു പോകുന്നത്.

സമഗ്ര വികസനത്തിലൂന്നിയുള്ള പദ്ധതികൾക്ക് കാലോചിതമായ മാറ്റം നൽകുകയാണ് നവകേരളം കർമപദ്ധതി രണ്ടാംഘട്ടത്തിൽ. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചും പ്രവർത്തന രീതികളിൽ നൂതന സങ്കേതങ്ങൾ തേടിയുമാണ് രണ്ടാം ഘട്ടത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

കാർബൺ ന്യൂട്രൽ കേരളം അഥവാ നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആശാവഹമായി പുരോഗമിക്കുകയാണ്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലസുരക്ഷാ പ്ലാൻ ആവിഷ്കരിക്കുന്നതിനായി ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം രാജ്യത്ത് ആദ്യമായി കേരളത്തിൽ നടപ്പാവുകയാണ്. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സമയബന്ധിതമായി നടപ്പാക്കി വരുന്ന മാലിന്യമുക്തം നവകേരളം കാമ്പയിൻ പ്രവർത്തനങ്ങൾ അനുദിനം പുരോഗതി ആർജ്ജിക്കുന്നു. ലൈഫ് പദ്ധതിയിൽ 3.48 ലക്ഷം കുടുംബങ്ങൾക്ക് വീടുവെച്ച് നൽകി. ഒരു ലക്ഷം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 45000 ക്ലാസ്മുറികൾ ഹൈടെക്ക് ആക്കിയതുൾപ്പെടെ പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യവികസനവും ഗുണനിലവാരം ഉറപ്പാക്കാനുമുള്ള വിവിധ പദ്ധതികൾ നടന്നുവരികയാണ്.

ജനപങ്കാളിത്തം ഉറപ്പാക്കി, പരിസ്ഥിതി സംരക്ഷണത്തിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമാണ് നവകേരളം കർമപദ്ധതി.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

## ഉയരങ്ങൾ കീഴടക്കി പൊതുവിദ്യാഭ്യാസ മേഖല : മന്ത്രി വി. ശിവൻകുട്ടി



പൊതു വിദ്യാഭ്യാസ മേഖലയിൽ കേരളം പുതിയ ഉയരങ്ങൾ കീഴടക്കുകയാണെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. എറണാകുളം ഗവൺമെന്റ് ഗേൾസ് എൽപി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സർക്കാർ വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ പ്രവേശനം, തുല്യത, ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ സംസ്ഥാനം പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ വിദ്യാഭ്യാസത്തിൽ സാങ്കേതിക വിദ്യ ഉൾപ്പെടുത്തുന്നതിൽ കേരളം കൈവരിച്ച നേട്ടങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയുടെ തെളിവാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും വിദ്യാകിരണം പദ്ധതിയും വഴി ആയിരക്കണക്കിന് കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളാണ് നമ്മുടെ പൊതു വിദ്യാലയങ്ങളിൽ നടന്നത്. ഇതിന്റെ ഭാഗമായി 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കി. എല്ലാ മണ്ഡലങ്ങളിലും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പുതിയ സ്കൂൾ കെട്ടിടങ്ങൾ സ്ഥാപിച്ചു. കൊച്ചി കോർപ്പറേഷൻ മേയർ എം.അനിൽകുമാർ, ടി.ജെ വിനോദ് എംഎൽഎ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ,പിടിഎ ഭാരവാഹികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## സമ്പൂർണ്ണ ശുചിത്വ ബ്ലോക്ക് ആദ്യഘട്ട പ്രഖ്യാപനം നടത്തി പറക്കോട് ബ്ലോക്ക്



പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് സമ്പൂർണ്ണ ശുചിത്വം ഒന്നാം ഘട്ട പ്രഖ്യാപനം നടത്തി ശുചിത്വ രംഗത്ത് മാതൃകയാവുകയാണ്. ബ്ലോക്ക് പരിധിയിൽ വരുന്ന ഏഴ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഒരു മുനിസിപ്പാലിറ്റിയും ആണ് ഈ നേട്ടം കൈവരിച്ചത്. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആദ്യ ഘട്ടം പ്രഖ്യാപനം നടത്തി. പരിസരം ശുചീകരിച്ചും, റോഡരികുകൾ സൗന്ദര്യവൽക്കരിച്ചും, വിവിധ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയുമാണ് ഒന്നാം ഘട്ട പ്രഖ്യാപനം നടത്തിയത്. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുഇടങ്ങളിൽ ശുചീകരണം, 100 ശതമാനം വീടുകളിലും ഹരിത കർമസേന പ്രവർത്തനം ഉറപ്പാക്കൽ, എല്ലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ, ഹരിത മിത്രം സ്മാർട്ട് ഗാർബേജ് പ്രവർത്തനങ്ങൾ എന്നിവ പറക്കോട് ബ്ലോക്കിൽ നടന്നു വരുന്നു.

# ലൈഫിന്റെ തണലിൽ നിരാലംബ കുടുംബം

### അതിദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യം : മന്ത്രി കെ.എൻ. ബാലഗോപാൽ

സംസ്ഥാനത്ത് അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കൈത്താങ്ങാകുന്ന പ്രവർത്തനങ്ങൾ സർക്കാർ ഉറപ്പാക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ. കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ അതി ദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട കുളപ്പാടം മുടീച്ചിറയിലെ റിയാസിന് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വാഹനാപകടത്തിൽ പെട്ട് അരയ്ക്ക് താഴെ തളർന്ന് നിരാലംബനായ റിയാസിനും ഭാര്യ ഷെമീനക്കും മൂന്നും, ആറും വയസ്സുള്ള അവരുടെമക്കൾക്കും തണലായി മാറുകയാണ് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീട്. വിവിധ പദ്ധതികളിലൂടെ വികസനത്തിൽ ഊന്നിയ ജനക്ഷേമ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ പി.സി.വിഷ്ണുനാഥ് എം.എൽ.എ. അധ്യക്ഷനായി.

### ചുമതലയേറ്റു



നവകേരളം കർമപദ്ധതി കോഴിക്കോട് ജില്ലാ കോർഡിനേറ്ററായി പ്രസാദ് പി.ടി. ചുമതലയേറ്റു. തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തു നിന്നു അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമനം.



കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വളണ്ടിയർമാർ ഹരിത കർമസേനക്കൊപ്പം

# പട്ടിക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന് പുതിയ മന്ദിരം



സംസ്ഥാന സർക്കാറിന്റെ നവകേരളം കർമപദ്ധതി വിദ്യാകിരണം മിഷന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം തൃശൂർ ജില്ലയിലെ പട്ടിക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മൂന്നു കോടി 90 ലക്ഷം രൂപ ചെലവിൽ പണികഴിപ്പിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം പട്ടിക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി കെ. രാജൻ നിർവഹിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ഷൈലജ വി.കെ., വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. സ്കൂൾ പ്രിൻസിപ്പൽ ഏലിയാസ് നന്ദി പറഞ്ഞു.

# വേങ്ങോട് ടേക്ക് എ ബ്രേക്ക്

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് വേങ്ങോട് ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം വേങ്ങോട് ജംഗ്ഷനിൽ പി എച്ച് സിക്ക് സമീപം ഭക്ഷ്യ സിവിൽ സപ്ലൈ വകുപ്പ് മന്ത്രി ജി. ആർ. അനിൽ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ. അനിൽ കുമാർ സ്വാഗതം പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് മെമ്പർമാർ,ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, എഡിഎസ് സിഡിഎസ് അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, തൊഴിലുറപ്പ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



# മഞ്ചാടി പദ്ധതി 101 വിദ്യാലയങ്ങളിലേക്ക്

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ഗണിതപഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ കേരള സർക്കാർ കെ ഡിസ്കുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 101 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. താരതമ്യേന പ്രയാസമേറിയ ഭിന്നസംഖ്യ എന്നാശയമാണ് മഞ്ചാടി പദ്ധതിയുടെ ഭാഗമായി ലളിതമായി കുട്ടികളിലെത്തിക്കുന്നത്. ചെറുവത്തൂർ (കാസർഗോഡ്) കണ്ണൂർ നോർത്ത്, തളിപ്പറമ്പ് നോർത്ത് (കണ്ണൂർ), കൊയിലാണ്ടി, മേലടി, ചേവായൂർ (കോഴിക്കോട്), കാട്ടാക്കട (തിരുവനന്തപുരം) എന്നീ സബ്ജില്ലകളിലും സംസ്ഥാനത്തെ 30 മോഡൽ റസിഡൻഷ്യൽ സ്കൂളിലുമാണ് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നത്. സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിലാണ് നിർവഹണം. അക്കാദമിക നേതൃത്വം എസ് സി ഇ ആർ ടി ക്കാണ്. പദ്ധതിയുടെ ആസൂത്രണത്തിനായി എസ് എസ് കെ യുടെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാനതല ശില്പശാല പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് ഐ എ എസ് ഉദ്ഘാടനം ചെയ്തു. വിദ്യാകിരണം കോർഡിനേറ്റർ ഡോ. സി. രാമകൃഷ്ണൻ, ഡോ. രതീഷ് കാളിയാടൻ തുടങ്ങിയവർ സംസാരിച്ചു.



# ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പ്രധാന അധ്യാപകരുടെ യോഗം

മാലിന്യ മുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം എന്ന ആശയത്തെ മുൻനിർത്തി തിരുവനന്തപുരം നഗരസഭയിലെ എല്ലാ സർക്കാർ - എയിഡഡ് സ്കൂളുകളിലേയും പ്രധാന അധ്യാപകരുടെ യോഗം തിരുവനന്തപുരം നഗരസഭാ ഓഫീസിൽ സംഘടിപ്പിച്ചു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗായത്രി ബാബു ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശരണ്യ അധ്യക്ഷത വഹിച്ചു.



നഗരസഭാ പരിധിയിലെ 144 സ്കൂളുകളിലെ പ്രധാന അധ്യാപകർ യോഗത്തിൽ പങ്കെടുത്തു. നവകേരളം കർമ പദ്ധതി 2 ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ശുചിത്വ മിഷൻ സ്റ്റേറ്റ് കൺസൾട്ടന്റ് എൻ ജഗജീവൻ കാമ്പയിൻ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സി. അശോക്, ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് സംസാരിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി വിദ്യാഭ്യാസ - ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി മോണിട്ടർ ചെയ്യുന്നതിനും യോഗം തീരുമാനിച്ചു.

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ മാപിംഗ് പൂർത്തീകരിച്ചു

സുരക്ഷിതമാക്കാം പശ്ചിമഘട്ടം നീർച്ചാലുകളുടെ ഡിജിറ്റലൈസേഷൻ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് 100 കിലോമീറ്റർ നീർച്ചാലുകളുടെ മാപിംഗ് പൂർത്തിയാക്കി. 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാപിംഗ് പൂർത്തിയായി. നാറാണംമൂഴി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മാപിംഗ് പ്രവർത്തനങ്ങൾ വൈകാതെ ആരംഭിക്കും.



# ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി സംയോജി



പ്പിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജി പുത്തലത്ത് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ജില്ലയിൽ ആദ്യമായാണ് ഹരിത കർമസേന അംഗങ്ങൾക്ക് ആർദ്രം മിഷനുമായി ചേർന്ന് ആരോഗ്യ ക്യാമ്പ് നടത്തുന്നത്. ഹൈപ്പർ ടെൻഷൻ, ഡയബറ്റിസ്, കൊളസ്ട്രോൾ എന്നീ ജീവിതശൈലീ രോഗങ്ങൾ നിർണയിക്കുന്നതിനാണ് ആരോഗ്യ പരിശോധന നടത്തുന്നത്. ഗ്രാമപഞ്ചായത്തിലെ 34 ഹരിത കർമസേനാംഗങ്ങൾക്കാണ് പരിശോധന നടത്തിയത്. ജില്ലയിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ആർദ്രം മിഷനുമായി സഹകരിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കും.

# ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ ജൈവവള ഉത്പാദനം

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ തുമ്പൂർമൂഴി ജൈവമാലിന്യ സംസ്കരണ സംവിധാനത്തിൽ ജൈവവള ഉത്പാദനം ആരംഭിച്ചു. 10 ബിന്നുകളിലായി 10 ടൺ ജൈവമാലിന്യങ്ങൾ നിലവിൽ സംസ്കരണ വിധേയമാക്കി വരുന്നു. ആദ്യഘട്ടത്തിൽ രണ്ട് ബിന്നുകളിൽ നിന്നും 2000 കിലോ ജൈവമാലിന്യം ജൈവവളം ആക്കി പാകപ്പെടുത്തി. പ്രതിദിനം 450 മുതൽ 700 കിലോഗ്രാം ഓളം ജൈവമാലിന്യമാണ് ഇത്തരത്തിൽ സംസ്കരിക്കപ്പെടുന്നത്. ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ യൂസർ ഫീ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ടൗൺ പ്രദേശത്തെ വീടുകളിൽ നിന്നുമാണ് ജൈവമാലിന്യം ശേഖരിക്കുന്നത്. വരുമാനത്തോടൊപ്പം ഗുണനിലവാരമുള്ള ജൈവവളം നിർമ്മിക്കുന്നതിലൂടെ കൂടുതൽ സ്വയം പര്യാപ്തരാവുകയും ചെയ്യുകയാണ് ഹരിത കർമസേന. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന വേർതിരിച്ചുള്ള മാലിന്യ സംസ്കരണ



ശീലത്തിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം രൂപപ്പെടുത്തിയെടുക്കാനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണവും അജൈവ മാലിന്യ സംസ്കരണവും മികച്ച നിലവാരത്തിൽ തദ്ദേശസ്ഥാപനത്തിൽ നടപ്പിലാക്കി വരുന്നു.

# കൊല്ലം ജില്ലയിൽ ഹരിത കാമ്പസുകൾ

കൊല്ലം ജില്ലയിൽ ഇനി ഹരിതകാമ്പസുകളാകും ഉണ്ടാകുകയെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. നവകേരളം കർമപദ്ധതി അവലോകനത്തിലാണ് ജില്ലാ കലക്ടർ ഹരിതകേരളം മിഷനിലൂടെ കാമ്പസുകളിൽ മാറ്റം വരുത്തുമെന്ന് വ്യക്തമാക്കിയത്. ഹരിതടൂറിസം പദ്ധതിയും ജില്ലയിൽ നടപ്പിലാക്കും. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാകും നിർവഹണം.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ജില്ലയിൽ 18236 ഗുണഭോക്താക്കൾക്ക് വീട് നിർമിച്ചു നൽകി. ഭൂരഹിതരായ 3926 ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് ഭൂമി വാങ്ങി നൽകി. 42 ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി പുനലൂർ നഗരസഭയിൽ ഫ്ളാറ്റ് നിർമ്മാണവും പൂർത്തീകരിച്ചു.

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി (വിദ്യാകിരണം) 32 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കിഫ്ബി ഫണ്ടാണ് വിനിയോഗിച്ചത്.

ആർദ്രം മിഷനിലൂടെ പി.എച്ച്.സി.കൾ ഫാമിലി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തുന്നതിന്റെ ഭാഗമായി 40 എണ്ണം പൂർത്തീകരിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ജലബജറ്റ് തയ്യാറാക്കി. നീർച്ചാലുകളുടെ സംരക്ഷണത്തിനായുള്ള 'ഇനി ഞാനൊഴുകട്ടെ' കാമ്പയിൻ മൂന്നാം ഘട്ടത്തിലേക്കായി. 11 ജലഗുണനിലവാര പരിശോധനലാബുകൾ ആരംഭിച്ചു. നെറ്റ് സീറോ കാർബൺ പദ്ധതി ജില്ലയിലെ 10 ഗ്രാമങ്ങളിൽ പുരോഗമിക്കുന്നു.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ലൈഫ്, ആർദ്രം, ഹരിതകേരളം മിഷനുകളുടെ പ്രവർത്തനം വിശദമായി വിലയിരുത്തി. വിവിധ മിഷനുകളുടെ ജില്ലാതല മേധാവികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഗവ. യു.പി. സ്കൂൾ വട്ടക്കോട്ടാൽ - ഹരിതവിദ്യാലയം ഉദ്ഘാടനം

വിദ്യാലയങ്ങളെ ഹരിത വിദ്യാലയമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിലെ ഗവ.യു.പി.സ്കൂൾ വട്ടക്കോട്ടാൽ ഹരിതവിദ്യാലയമായി പ്രഖ്യാപിച്ചു. കൃഷി, ജലസംരക്ഷണം, ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ഇടപെടലുകൾ എന്നിവ ഹരിത വിദ്യാലയത്തിന്റെ ഭാഗമായി നടപ്പാക്കിയിരുന്നു. ചടങ്ങിൽ അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# ഗ്രീൻ കാമ്പസ് ക്ലീൻ കാമ്പസ് വർക്കല നഗരസഭാതല ഉദ്ഘാടനം

ഹരിതവിദ്യാലയം ശുചിത്വവിദ്യാലയത്തിന്റെ ഭാഗമായി ഗ്രീൻ കാമ്പസ് ക്ലീൻ കാമ്പസ് വർക്കല നഗരസഭാതല



ഉദ്ഘാടനവും, സ്കൂളിലെ ജൈവമാലിന്യ സംസ്കരണത്തിനുള്ള ബയോബിൻ വിതരണവും വർക്കല ശിവഗിരി HSS ൽ വച്ച് നഗരസഭ ചെയർമാൻ കെ.എം. ലാജി നിർവഹിച്ചു. NSS വർക്കല താലൂക്ക് കോർഡിനേറ്റർ ഉണ്ണികൃഷ്ണൻ പദ്ധതി വിശദീകരണം നടത്തി. വിവിധ മാലിന്യങ്ങൾ, അവ വേർതിരിക്കേണ്ടതിന്റെ ആവശ്യകത, വിവിധ മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് RP വിശദീകരണം നൽകി. ബയോ ബിൻ പരിപാലനം സംബന്ധിച്ച് ഹരിത കർമസേന സെക്രട്ടറി അഭിത്ര വിശദീകരിച്ചു.ഗ്രീൻ കാമ്പസ് പ്രവർത്തനങ്ങൾക്കായി 120 കുട്ടികൾ വീതമുള്ള 5 ഗ്രീൻ കേഡറ്റ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

# മോടിയോടെ കോടി - കടലോര ശുചീകരണം

ഹരിതടൂറിസം കേന്ദ്രമാക്കാൻ കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ കോടി കടപ്പുറം ശുചീകരിച്ചു. ഉദുമ ഗ്രാമപഞ്ചായത്തിലെ 1, 15, 16, 17, 20, 21, വാർഡുകൾ അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന വാർഡുകളാണ്. ഇതിൽ വാർഡ് 17 ലെ കോടി കടപ്പുറം വിനോദ സഞ്ചാരികളുടെ പ്രിയപ്പെട്ട പ്രദേശവുമാണ്. മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി കോടി തീരം പൂർണ്ണമായി ശുചീകരിച്ചിരുന്നു. എങ്കിലും മഴക്കാലത്തോടനുബന്ധിച്ച് വീണ്ടും കടൽ തീരത്ത് ധാരാളം പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും അടിഞ്ഞുകൂടി. ഹരിത കർമസേന, നാട്ടുകാർ, തൊഴിലുറപ്പു തൊഴിലാളികൾ, ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയിൽ കോടി തീരം ആഗസ്റ്റ് 26 ന് ശുചീകരിച്ചു. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം പുനചംക്രമണത്തിന് കൈമാറി. ഗ്രാമപഞ്ചായത്ത്



പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. നിരന്തരമായ ശുചീകരണത്തിന്റെ ആവശ്യകത, ടൂറിസത്തിന്റെ സാധ്യതകൾ എന്നിവ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ.ബാലകൃഷ്ണൻ വിശദീകരിച്ചു. വി.ഇ.ഒ., ജനപ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.



ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്ത് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 14 വാർഡുകളിലായി 24 ബോട്ടിൽ ബിന്നുകൾ സ്ഥാപിച്ചു. മാലിന്യ നിക്ഷേപ സ്ഥലങ്ങളിലും, മാർക്കറ്റ്, എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ബിന്നുകൾ സ്ഥാപിച്ചിരിക്കുന്നത്. എല്ലാ ആഴ്ചയിലും ഹരിത കർമസേന ബിന്നുകളിൽ നിന്ന് ബോട്ടിലുകൾ ശേഖരിച്ച് എം.സി.എഫിലേയ്ക്ക് മാറ്റും. തകഴി ക്ഷേത്രത്തിനു സമീപം ബിന്ന് സ്ഥാപിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. അജയകുമാർ ഉദ്ഘാടനം ചെയ്തു.

# വടകരയിൽ ഹരിത അയൽക്കൂട്ടങ്ങൾ

കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റിയിൽ ഹരിതഅയൽക്കൂട്ടം പ്രവർത്തനം ആരംഭിച്ചു. അയൽക്കൂട്ടങ്ങളിലെ ഓരോ അംഗങ്ങളുടെ വീടുകളിലും മാലിന്യ സംസ്കരണം, കൃഷി- ജലസംരക്ഷണം, ഹരിത ചട്ടപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തി വിലയിരുത്തി അതാത് അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങൾ ആയി പ്രഖ്യാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഓരോ അയൽക്കൂട്ടത്തിലെയും വീടുകൾ മോണിറ്ററിങ് സമിതിയുടെ നേതൃത്വത്തിൽ പരിശോധന നടത്തിയാണ് അതാത് അയൽക്കൂട്ടത്തെ ഹരിത അയൽക്കൂട്ടമായി പ്രഖ്യാപനം നടത്തുക. ആദ്യം ഹരിത അയൽക്കൂട്ടം പ്രഖ്യാപനം നടത്തുന്ന അയൽക്കൂട്ടത്തിന് വാർഡ് വികസന സമിതിയുടെ ആഭിമുഖ്യത്തിൽ അവാർഡ് നൽകും. ഹരിത അയൽക്കൂട്ടം തുടർ പ്രവർത്തനം എന്ന നിലയിൽ വീടുകളിൽ വിവിധ തരം പച്ചത്തുരുത്ത് നിർമ്മാണം, സോളാർ പാനൽ സ്ഥാപിക്കൽ എന്നിവയും



നടത്താൻ ഉദ്ദേശിക്കുന്നു.വാർഡ് 29ന് സമ്പൂർണ ഹരിത അയൽക്കൂട്ട വാർഡ് ആയി പ്രഖ്യാപിച്ചതിനു ശേഷം നഗരസഭയിലെ മറ്റു വാർഡുകളിലേക്കും പദ്ധതി ഡിസംബർ മാസത്തോടെ ആരംഭിക്കും. വാർഡ് വികസന സമിതി കൺവീനർ, ഗ്രീൻവാർഡ് ലീഡർ, സി ഡി എസ് മെമ്പർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ, കുടുംബശ്രീ അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# നവകേരളത്തിനായി കാമ്പസുകൾ

കേരളത്തിന്റെ സമഗ്ര വികസനത്തിനായിട്ടുള്ള നവകേരളം കർമപദ്ധതി രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ അക്കാദമിക്ക് സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കാനും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനുമായി മലപ്പുറം ജില്ലാമിഷൻ രൂപംനൽകുന്ന ‘ നവകേരളത്തിനായി കാമ്പസുകൾ’ എന്ന കാമ്പയിൻ പരിപാടിയുടെ



ഭാഗമായി വാഴയൂരിലെ സാഫി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ എൻ.എസ്.എസ്സും നേച്ചർ ക്ലബിന്റെയും നേതൃത്വത്തിൽ ഓഗസ്റ്റ് 23 ന് ശില്പശാല നടത്തി. മലപ്പുറം ജില്ലാമിഷൻ കോർഡിനേറ്റർ ജിതിൻ ടി.വി.എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഇ.പി. ഇമ്പിച്ചിക്കോയ ഉദ്ഘാടനം നിർവഹിച്ചു. പാലേമാടിലെ ശ്രീ വിവേകാനന്ദ പഠനകേന്ദ്രം ആർട്സ് & സയൻസ് കോളേജിൽ ഓഗസ്റ്റ് 21ന് കോളേജിലെ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ അജീഷ് കുമാർ ഉദ്ഘടാനം ചെയ്തു. നിലമ്പൂരിലെ അമൽ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 17 ന് സംഘടിപ്പിച്ചു. മലപ്പുറം ജില്ലാമിഷൻ കോർഡിനേറ്റർ ജിതിൻ ടി.വി.എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സക്കറിയ ടി.വി. ഉദ്ഘാടനം നിർവഹിച്ചു.

# കബനിക്കായ് വയനാട് പൊഴുതന പഞ്ചായത്ത് മാപത്തോൺ അവതരണം

കബനിക്കായ് വയനാട് പൊഴുതന പഞ്ചായത്ത് മാപത്തോൺ അവതരണവും ആസൂത്രണവും 2023 ആഗസ്റ്റ് 21 ന് പൊഴുതന ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് അനസ് റോസ്ന സ്റ്റെഫി ഉദ്ഘാടനം ചെയ്തു. കബനിക്കായ് വയനാട് പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ, മാപത്തോൺ സാങ്കേതികത, പൊഴുതന പഞ്ചായത്തിലെ നീർച്ചാലുകളുടെ മാപിംഗ് പ്രവർത്തനങ്ങൾ, എന്നിവയെ കുറിച്ച് ആർ.പി. മൃദുല അവതരണം നടത്തി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വി.ഇ.ഒ., ഹരിത കർമസേനാംഗങ്ങൾ, കൃഷി ഓഫീസർ, നവകേരളം ആർ.പി.മാർ, ഇന്റേൺസ്, nrega AE തുടങ്ങിയവർ പങ്കെടുത്തു. മാപത്തോൺ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ പൊഴുതന പഞ്ചായത്തിലെ പുലരി തോട് തിരഞ്ഞെടുത്ത് പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. Osmൽ നിലവിൽ രേഖപ്പെടുത്തിയ നീർചാലിന്റെ പ്രാദേശിക പേരുകൾ ജന പ്രതിനിധികളുടെ നിർദേശ പ്രകാരം തിരുത്തലുകൾ നടത്തി.



# മാതൃകയായി ബൈസൺവാലിയിലെ ഹരിത കർമസേന

ചിട്ടയായ പ്രവർത്തനവും ഏകോപനവും കൊണ്ട് ഇടുക്കി ജില്ലയിലെ ബൈസൺവാലി പഞ്ചായത്ത് ഹരിത കർമസേന സംസ്ഥാനത്തിന് മാതൃക തീർക്കുകയാണ്. യാത്ര ഏറെ ദുഷ്കരമായ ചോക്രമുടി കുന്നുകളും ആദിവാസി കുടികളും വീടുകളും റിസോർട്ടുകളും കടകളും കയറി ഇറങ്ങി അജൈവ മാലിന്യശേഖരണം 100 ശതമാനം പൂർത്തിയാക്കിയതിനു പുറമെ പഞ്ചായത്തിലെ പൊതു-സ്വകാര്യ പരിപാടികൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്താൻ മുന്നിട്ടിറങ്ങുകയാണ് ഇവർ. സ്വന്തം കൺസോർഷ്യം ഫണ്ടിൽ നിന്നും തുക ചെലവിട്ട് സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും വാങ്ങി പൊതു പരിപാടികളിൽ നൽകുന്നതോടെ ഡിസ്പോസബിൾ






പാത്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നു. ജൈവ വസ്തുക്കൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ചും സമ്മാനമായി വിത്തുകളും ചെടികളും നൽകിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ അന്നന്നു തന്നെ എം.സി.എഫിൽ എത്തിച്ചുമാണ് പ്രവർത്തനങ്ങൾ. പഞ്ചായത്തിൽ ഇത്തവണ നടന്ന ഓണാഘോഷങ്ങൾ ഹരിത കർമസേനയുടെ മേൽനോട്ടത്തിൽ ഹരിതചട്ടം പാലിച്ച് നടത്തി. വിവിധ ഇടങ്ങളിൽ ഓണച്ചന്തകൾ നടത്തി. പഞ്ചായത്തിൽ നടന്ന ആയിരത്തിലധികം പേർ പങ്കെടുത്ത ജോബ് ഫെയർ പൂർണ്ണമായും ഹരിതചട്ടം പാലിച്ചു നടത്തി ഹരിത കർമസേന ശ്രദ്ധ നേടി. ഇവിടെ ഹരിത കർമസേന ഹെൽപ്പ് ഡെസ്കും ഒരുക്കിയിരുന്നു. ഇനി മുതൽ പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന എല്ലാ പരിപാടികളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കാനെടുത്ത തീരുമാനത്തേയും ഇതിനെല്ലാം മുൻകൈയ്യെടുക്കുന്ന പഞ്ചായത്ത് ഭരണസമിതിയേയും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അഭിനന്ദനം അറിയിച്ചു.

# ഇടുക്കിയിൽ രണ്ടാംഘട്ട മാപത്തോൺ

ഇടുക്കി ജില്ലയിൽ തൊടുപുഴ, ഇളംദേശം, കട്ടപ്പന എന്നീ ബ്ലോക്കുകളിൽ രണ്ടാംഘട്ട മാപത്തോൺ ആരംഭിച്ചു. ജില്ലയിലെ വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹകരണത്തോടെയാണ് ജില്ലയിൽ മാപത്തോൺ പുരോഗമിക്കുന്നത്. കട്ടപ്പന ബ്ലോക്കിൽ അയ്യപ്പൻകോവിൽ, ഉപ്പുതറ, കാഞ്ചിയാർ എന്നീ പഞ്ചായത്തുകളിൽ ജെ.പി.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ മൂന്ന് ദിവസങ്ങളായി 5 റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ നാലു ഗ്രൂപ്പുകളായി തിരിഞ്ഞാണ് 120 ഓളം വരുന്ന നീർച്ചാലുകൾ മാപ് ചെയ്തത്. പഞ്ചായത്ത്തല ഉദ്ഘാടനം കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് കുഴിക്കാട്ട് നിർവഹിച്ചു. ഇടുക്കി റിസർവോയറും, കോഴിമല, അഞ്ചുരുളി, കൊട്ടമല, കണ്ണംപടി സെറ്റിൽമെന്റ് മേഖലയും, ഏലം, തേയില തോട്ടം മേഖലകളും ഇതിൽ ഉൾപ്പെടുന്നു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in